ചീരക്കഴിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നത് സംബന്ധിച്ച്

75(2276) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കയം ഇലക്ട്രിക്കൽ സെക്ഷന് പരിധിയിൽ കൂട്ടിലങ്ങാടി പഞ്ചായത്തിലെ മങ്കട പള്ളിപ്പുറം ചീരക്കഴിയിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ചീരക്കഴിയിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചീരക്കഴി ഭാഗത്തേയ്ക്ക് വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി 'മേലെപ്പള്ളിപ്പുറം വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തി' എന്ന പേരിൽ 490 മീറ്റർ 11 കെ.വി.ലൈൻ വലിക്കൽ, ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 165 മീറ്റർ ത്രീ ഫേസ് ലൈൻ വലിക്കൽ, 380 മീറ്റർ കൺവേർഷൻ എന്നീ പ്രവൃത്തികൾക്കായി 9,27,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മുൻഗണനാക്രമമനുസരിച്ച് ഈ പ്രവൃത്തി പൂർത്തിയാക്കി വോൾട്ടേജ് ക്ഷാമം പരിഹരിക്കാവുന്നതാണ്.

ട്രാൻസ്മിഷൻ പ്രവർത്തനത്തിനായി സബ്സ്റ്റേഷനുകളും ലൈനുകളും

76(2277) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാൻസ്മിഷൻ പ്രവർത്തനങ്ങൾക്കായി 22 പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും 2014-15-ൽ പൂർത്തിയാക്കാനുദ്ദേശിച്ചുകൊണ്ട് പ്രസ്തുത സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 240 കോടി രൂപ അനുവദിച്ചിരുന്നു, അത് വിനിയോഗിച്ച പൂർത്തിയാക്കിയ സബ്സ്റ്റേഷനുകൾ , ലൈനുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

2014-15 സാമ്പത്തിക വർഷം പ്രസരണവിഭാഗത്തിൽ പൂർത്തീകരിച്ച സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly